1. വിഷൻ ഇന്ത്യ കേരള പദ്ധതി :

ഏഷ്യൻ ഫുട്ബാൾ കോൺഫെഡറേഷൻ വിവിധ ഏഷ്യൻ രാജ്യങ്ങളിൽ ഫുട്ബോൾ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള 'വിഷൻ ഏഷ്യ പദ്ധതി' കേരളത്തിൽ 'വിഷൻ ഇന്ത്യ കേരള' എന്ന പേരിൽ നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 91 സ്കൂളുകളിലായി 3115 കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകിവരുന്നു.

2. സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി :

ലോകാരോഗ്യ സംഘടനയുടെ പഠനങ്ങളിൽ കേരളത്തിലെ ജീവിത ശൈലീജന്യ രോഗങ്ങൾ വർദ്ധിച്ചുവരുന്നതായി നിരീക്ഷിക്കപ്പെട്ട സാഹചര്യത്തിലാണ് സമ്പൂർണ്ണകായിക ക്ഷമതാ പദ്ധതി വിഭാവനം ചെയ്തത്. സംസ്ഥാനത്തെ സ്കൂളുകളിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലാണ് പദ്ധതി നടപ്പിലാക്കിയത്.

3. ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി :

ആരോഗ്യ കായിക വിദ്യാഭ്യാസം സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ആരോഗ്യ കായിക വിദ്യാഭ്യാസ പദ്ധതി.

4. പഞ്ചായത്ത് യുവ ക്രീഡാ ഓർ ഖേൽ അഭിയാൻ :

ഗ്രാമീണ മേഖലയിൽ കളിസ്ഥലം ലഭ്യമാക്കി ആ പ്രദേശങ്ങളിലെ യുവജനങ്ങളെ കായിക രംഗത്തേയ്ക്ക് ആകർഷിച്ച് സ്പോർട്സിന്റെ അടിത്തറ വിപുലീകരിക്കുകയും അതുവഴി കൂടുതൽ കായിക താരങ്ങളെ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

5. കേരളത്തിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പരിശീലനം :

കേരളത്തിലെ മുഴുവൻ കുട്ടികൾക്കും സംസ്ഥാനത്ത് സുലഭമായ കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി നീന്തൽ പ്രാഥമിക പരിശീലനം നൽകിവരുന്നു.

കൊച്ചി കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ

27 (*687) ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസുമായി ചേർന്നുകൊണ്ട് കെ. എസ്. ഐ. ഇ കൊച്ചിയിൽ കണ്ടെയ്നർ ഫ്രെയ്റ്റ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) പദ്ധതിക്കായി സർക്കാർ എത്ര കോടി രൂപ നൽകുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വല്ലാർപാടം പദ്ധതി പൂർത്തിയാകുന്നതുമായി ബന്ധപ്പെടുത്തി ഫ്രെയ്റ്റ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) ഉണ്ട്.

(ബി) കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡുമായി ചേർന്നും പ്രോപർട്ടി ഷെയറിംഗുമായ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി ആരംഭിച്ചത്. പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പ് ചുമതല കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന് ആണ്.

ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ ഉപയോഗ്യമല്ലാതിരുന്ന 8.5 ഏക്കർ സ്ഥലമാണ് കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ നിർമ്മിക്കാനായി കണ്ടെത്തിയത്. ഈ ധാരണ പ്രകാരം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന് 75 വർഷത്തോളം രൂപ വാടകയിനത്തിലും കൂടാതെ ലാഭത്തിന്റെ 10 ശതമാനവും ലഭിക്കും.

പദ്ധതി നടപ്പിലാകുമ്പോൾ 350 ഓളം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. 5000 ത്തോളം കണ്ടെയിനറുകൾ പാർക്ക് ചെയ്യാവുന്ന യാർഡും എഴുപത്തിരണ്ടായിരം സ്ക്വെയർഫീറ്റ് വിസ്തീർണ്ണമുള്ള വെയർഹൗസും പതിമൂവായിരം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഓഫീസ് സമുച്ചയവും ആണ് പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്നത്.

ക്ലോസ്ഡ് സർക്യൂട്ട് ക്യാമറ ഉൾപ്പെടെയുള്ള സുരക്ഷാക്രമീകരണങ്ങൾ സ്കാനിങ്ങ്/ ഡീസ്കാനിങ്ങ് കണ്ടെയ്നർ നീക്കത്തിനായി ആധുനിക യന്ത്രങ്ങൾ, കസ്റ്റംസ് ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടം എന്നിവയും കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷനിൽ ഉണ്ടായിരിക്കും.

(സി) സ്ഥലത്തിന്റെ വിപണിവിലയടക്കം 46.98 കോടി രൂപയാണ് പദ്ധതിയുടെ ചെലവ്. ഇതിൽ സ്ഥലം ലീസായി ലഭിക്കുന്നതിനാൽ നിർമ്മാണത്തിനും യന്ത്ര സാമഗ്രികൾക്കും മറ്റുമായി 32.23 കോടി രൂപയാകും.

(ഡി) പദ്ധതിക്കായി സർക്കാർ തുക വകയിരുത്തിയിട്ടില്ല.

(ഇ) കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ 2010 ഡിസംബർ മാസത്തോടെ നിർമ്മാണം പൂർത്തിയാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly